# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 890 — 30/6/2015 -ൽ മറുപടിക്ക്

## പുനലൂരിലെ ജപ്പാൻ കുടിവെള്ള കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാജു | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ എത്രകണക്ഷനുകൾ നൽകി എന്ന് വ്യക്തമാക്കുമോ; മുഴുവൻ അപേക്ഷകർക്കും നൽകുവാൻ സാധിച്ചുവോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; അപേക്ഷ നൽകിയ മുഴുവൻ ആളുകൾക്കും എപ്പോൾ കണക്ഷൻ നൽകാനാകുമെന്ന് വ്യക്തമാക്കുമോ; | (എ) പുനലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ, ജപ്പാൻ കുടിവെള്ള പദ്ധതി മുഖേന കരവാളൂർ പഞ്ചായത്തിൽ 256-ഉം, ഇടമുളയ്ക്കൽ പഞ്ചായത്തിൽ 427-ഉം കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ അപേക്ഷ നൽകിയ എല്ലാവർക്കും കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല. വിതരണ ശൃംഖലയുടെ പണികൾ സ്ഥാപിക്കേണ്ട കരാറുകാരൻ സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ 10/3/2015-ൽ ടെർമിനേറ്റ് ചെയ്ത് റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ കരാർ നൽകി 2016 ഡിസംബർ മാസത്തോടുകൂടി മുഴുവൻ അപേക്ഷകർക്കും കണക്ഷൻ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ജപ്പാൻ കുടിവെള്ള പദ്ധതി കണക്ഷനു വേണ്ടി നിലവിൽ പുനലൂർ താലൂക്കിൽ അപേക്ഷ സ്വീകരിക്കുന്നുണ്ടോ; കുടിവെള്ള കണക്ഷന് അപേക്ഷ നൽകുമ്പോൾ റോഡ് ക്രോസ് ചെയ്ത് ലൈൻ ഇടേണ്ട സാഹചര്യങ്ങളിൽ അപേക്ഷകർ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങണം എന്ന നിബന്ധന അപ്രായോഗികമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ | (ബി) കരവാളൂർ ഇടമുളയ്ക്കൽ പഞ്ചായത്തുകളിലെ വിതരണ ശൃംഖല പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത സ്ഥലത്തെ അപേക്ഷകർക്ക് പുനലൂർ/കടയ്ക്കൽ വാട്ടർ അതോറിറ്റി ഓഫീസിൽ കണക്ഷനുവേണ്ട അപേക്ഷ നൽകാവുന്നതാണ്. (ചാർജ്ജ് ചെയ്ത ലൈനുകളെ സംബന്ധിക്കുന്ന വിവരങ്ങൾ മേൽപ്പറഞ്ഞ കേരള വാട്ടർ അതോറിറ്റി ഓഫീസുകളിൽ ലഭ്യമാണ്). |

| | |
|---|---|
| ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുമോ? | നിലവിലുള്ള വ്യവസ്ഥ പ്രകാരം ജപ്പാൻ പദ്ധതിയുടെ പൂർത്തീകരിച്ച വിതരണ പൈപ്പുകളിൽ നിന്നും പൊതുമരാമത്ത് റോഡുകൾ ക്രോസ് ചെയ്ത് കുടിവെള്ള കണക്ഷൻ നൽകേണ്ട സാഹചര്യത്തിൽ അപേക്ഷകർ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്. |

സെക്ഷൻ ഓഫീസർ